# അമൃതാനന്ദമയി: ഉപകാരപ്പെടുത്താത്ത ഒരു അവതാരം

## ദളിതരുടെ സാംസ്കാരിക പ്രസ്ഥാനമല്ല

തങ്ങളെ തള്ളിപ്പറയുന്ന അനുയായിവൃന്ദത്തെ വശീകരിയ്ക്കാൻ സെമിറ്റിക് മതങ്ങളിലെ പ്രവാചകർ മലമുകളിൽ നിന്ന് യഹോവയുമായും പിതാവുമായും സംസാരിച്ചു. മോശയ്ക്ക് തന്റെ അനുയായികളോടൊപ്പം 'പാലും തേനും ഒഴുകുന്ന' കാനാൻ ദേശത്ത് കാലുകുത്താനായില്ല. യാതന നിറഞ്ഞ, പഴയനിയമത്തിലെ 'പുറപ്പാടിൽ' ഇടയ്ക്കുവെച്ച് മോശ സാത്താനുമായി ഉടമ്പടിയിലെത്തിയിരുന്നുവത്രെ !

ഭാരതത്തിലെ ഋഷിപരമ്പര ഹിമാലയസാനുക്കളിൽ തപസിരുന്നു. ഭരണാധികാരികളുമായി നല്ല ബന്ധം പുലർത്താനും അവരെ നിയന്ത്രിക്കാനും പുരോഹിതന്മാർക്ക് കഴിഞ്ഞിരുന്നു.

കബീറിനെപ്പോലുള്ള ഭക്തിപ്രസ്ഥാനത്തിലെ കീഴാളർ അധികാരശക്തിയുടെ മുന്നിൽ മുട്ടുമടക്കിയില്ല. ശ്രീനാരായണഗുരു വരേണ്യവർഗത്തിനെതിരെ ഈഴവശിവന്റെ പ്രതിഷ്ഠ നടത്തി. ഈ നിലപാടിലൂടെ നോക്കിയാലും അമൃതാനന്ദമയി പ്രസ്ഥാനം ദളിതരുടെ ഒരു സാംസ്കാരിക വിപ്ലവപ്രസ്ഥാനമാവുന്നില്ല. അഭിജാതരുടെ ദുർമ്മേദസ്സു നിറഞ്ഞ പൊങ്ങച്ചസാംസ്കാരവും ഭജനകീർത്തനങ്ങളും ചേർന്ന് അത് ഹിന്ദുത്വ അജണ്ടയെ പൂരിപ്പിക്കുന്നു. അല്ലെങ്കിൽ പിന്നെ; കാവിധാരികൾക്കും മേലാള വിഭാഗങ്ങൾക്കും അമൃതാനന്ദമയിയുമായി എന്താണു കാര്യം? ആശ്രമം കേന്ദ്രീകരിച്ചു നടന്ന കൊലപാതകംപോലുള്ള ചിലകാര്യങ്ങളുടെ ദുരൂഹത വെളിച്ചത്തു കൊണ്ടുവരാനാവശ്യപ്പെട്ട് യുക്തിവാദികൾ നടത്തിയ ധർണ അവഗണിയ്ക്കാനാവില്ല.



**ചർച്ചാവേദി**

'ദൈവത്തിനുള്ളത് ദൈവത്തിനും സീസറിനുള്ളത് സീസറിനും' എന്ന തത്വം മുറുകെ പിടിക്കുന്ന ഈ സന്യാസിനി ഏതെങ്കിലും സാമൂഹ്യഅനീതിക്കെതിരെ പ്രതികരിച്ചിട്ടുണ്ടോ?

അമൃതാനന്ദമയിയുടെ ബന്ധുക്കളും പാർശ്വവർത്തികളും ചേർന്ന് സൃഷ്ടിക്കപ്പെടുന്ന ഈ കൃത്രിമപ്പൊലിമ കേരളത്തിൽ ഒരു നവോത്ഥാനവും സൃഷ്ടിയ്ക്കില്ല.

കേരളത്തിലെ ഏറ്റവും കുപ്രസിദ്ധനായ പോലീസ് മേധാവികളിലൊരാളായ ഡി.ഐ.ജി ലക്ഷ്മണ ഒരു ദളിതനായിരുന്നില്ലെ? വിപ്ലവാനന്തര റഷ്യയിലെ മനുഷ്യക്കുരുതിയുടെ കാരണക്കാരൻ ഒരു ചെരുപ്പുകുത്തിയുടെ മകനായിരുന്നില്ലെ? വംശമഹിമയെക്കുറിച്ച് ആരും പൊങ്ങച്ചം പറയേണ്ട.

**– കെ.അരവിന്ദൻ,**
**അടാട്ട് –680554.**

## 'അമ്മ' നിലപാടെടുക്കുമോ? അതാണ് പ്രശ്നം

അമൃതാനന്ദമയിയെ അവരുടെ ജന്മസമുദായമായ അരയസമുദായവും സാമൂഹ്യാവശത അനുഭവിക്കുന്ന ദളിതുകളും സ്ത്രീകളും തൊലി കറുത്തവരും പീഡിതരും തങ്ങളുടെ വിമോചനത്തിനായി പ്രയോജനപ്പെടുത്തണമെന്ന അഭിപ്രായം സ്വീകാര്യമാണ്.

അതിന് ഇത്തരം സാമൂഹ്യശക്തികൾ മാത്രം ഉണർന്നാൽ മതിയാകില്ല. 'അമ്മ' അത്തരത്തിൽ നിലപാടെടുക്കുമോ എന്നതാണ് കാതലായ പ്രശ്നം. കഠിനാധ്വാനം, ഭക്തി, വിശ്വാസം, സേവനം – ഇത്തരം പ്രബോധനങ്ങളും ചർച്ചിന്റേയും ജാതി നവീകരണ പ്രസ്ഥാനങ്ങളുടേയും മാതൃകയിൽ സ്ഥാപനങ്ങൾ കെട്ടി ഉയർത്തലുമാണ് അവരുടെ ഇപ്പോഴത്തെ അജണ്ട എന്നു തോന്നുന്നു.

അരയസമുദായത്തിൽ നിന്നുയർന്നുവന്ന പണ്ഡിറ്റ് കെ.പി.കറുപ്പനെപ്പോലെ ആത്മബോധവും അവകാശബോധവും ഉണർത്താനോ ദളിതരുടെ ഉൽകൃഷ്ട പാരമ്പര്യങ്ങളിൽ അഭിമാനം വളർത്താനോ അവർ കാര്യമായെന്തെങ്കിലും ചെയ്തതായി കാണുന്നില്ല.

''അന്യർക്കു ഗുണം ചെയ്വതിനായുസ്സു വപുസ്സും
ധന്യത്വമൊടുങ്ങാത്ത തപസ്സും ബലി ചെയ്വു''

എന്ന് നാരായണഗുരുവിനെപ്പറ്റി പാടിയ അർത്ഥത്തിൽ, കാലഘട്ടങ്ങളേല്പിക്കുന്ന വേദനകളിൽ ഇടപെട്ട് സ്വാന്ത്വനം നൽകാൻ അവർ തയ്യാറാകുമോ?

അതിനിനിയും 'അമ്മ'യുടെ കേൾക്കാത്ത അമൃതവാണികൾക്കായി നമുക്ക് കാതോർക്കാം.

**– ഡേവിസ് വളർകാവ്.**